(ബി) ഭരണാനുമതിയുള്ള പണികൾക്ക് അധികതുക ആവശ്യമാണെങ്കിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ച് പരിഗണിക്കുന്നതാണ്.

(സി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ബഡ്ജറ്റിൽ അനുവദിച്ച് പണികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സ്ഥിതി അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

29 (342) ട്രഷറികളുടെ കമ്പ്യൂട്ടർ വൽക്കരണം

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> :

<u>ശ്രീ. പി.പി സുലൈമാൻ റാവുത്തർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ട്രഷറി നടപടികളിൽ എന്തൊക്കെ ഗുണകരമായ മാറ്റങ്ങൾ വന്നിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ എത്ര ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതിയുണ്ടെന്നും ആകെ എന്തു തുക ചെലവു വരുമെന്നും വെളിപ്പെടുത്താമോ;

(സി) ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം നിമിത്തം ജീവനക്കാരുടെ എണ്ണത്തിൽ കുറവ് വരുമോ; എങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര കുറവുണ്ടാകുമെന്നും അധികം വരുന്ന ജീവനക്കാരെ എവിടെ നിയമിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കമ്പ്യൂട്ടർവൽക്കരണംകൊണ്ട് ട്രഷറി ഇടപാടുകൾ എളുപ്പത്തിലും സുഗമമായും നടത്തുവാൻ കഴിയുന്നു. വരവ് ചെലവു കണക്കുകൾ കൃത്യമായി അതാതു ദിവസം തന്നെ കണക്കാക്കുവാനും കഴിയുന്നു.

(ബി) സംസ്ഥാനത്തെ മുഴുവൻ ട്രഷറികളും കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതിയുണ്ട്. ഇതിന് ഏകദേശം 18 കോടിയോളം രൂപ ചെലവാകുമെന്ന് കരുതുന്നു;

(സി) ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതുകൊണ്ട് ജീവനക്കാരുടെ എണ്ണത്തിൽ കുറവുവരാൻ സാധ്യതയില്ല.

30 (343) കുംബളയിൽ സബ് ട്രഷറി

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുംബളയിൽ സബ് ട്രഷറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഇതിനകം എന്ത് നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) കാസർഗോഡ് ജില്ലയിലെ കുംബളയിൽ ഒരു സബ് ട്രഷറി സ്ഥാപിക്കാൻ തൽക്കാലം നിർവാഹമില്ല.

31 (344) പൊതുകടം ഫണ്ട്

ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വരൂപിച്ച പൊതുകടം ഫണ്ടിലേയ്ക്ക് ആകെ എത്ര രൂപ ലഭിച്ചു;

(ബി) ഈ ഫണ്ടിൽനിന്നും ഇതിനോടകം എത്ര രൂപ ചെലവഴിച്ചു എന്നും എന്തെല്ലാം ആവശ്യത്തിനാണ് ചെലവഴിച്ചതെന്നും വെളിപ്പെടുത്തുമോ;

ഉത്തരം

(എ) ആകെ 507.06 കോടി രൂപ ലഭിച്ചു.

(ബി) ഈ ഫണ്ടിൽ നിന്നും ഇതുവരെ ഒന്നും ചെലവഴിച്ചിട്ടില്ല.

32 (345) അധികവിഭവ സമാഹരണം

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000-ാമാണ്ടിലെ ബജറ്റിൽ ഏതെല്ലാം നിലയിൽ എന്തു തുക വീതം അധിക വിഭവ സമാഹരണത്തിലൂടെ ആകെ എന്തു വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നു;

(ബി) ഈ ഇനത്തിൽ ഓരോന്നിലും യഥാർത്ഥത്തിലുണ്ടായ അധിക വിഭവ സമാഹരണം എത്ര വീതമായിരുന്നു;

(സി) പ്രതീക്ഷിച്ചത്ര അധിക വിഭവ സമാഹരണം നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 396.55 കോടി രൂപയുടെ അധിക വിഭവ സമാഹരണം പ്രതീക്ഷിച്ചിരുന്നു.

1) വില്പന നികുതിയിനത്തിൽ - 241.55 കോടി രൂപ

2) സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷൻ 95 കോടി രൂപ

3) നോൺ ടാക്സ് റവന്യു - 60 കോടി രൂപ

(ബി) അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല.

(സി) അധിക വിഭവ സമാഹരണത്തെക്കുറിച്ച് ഓരോ വകുപ്പിനേയും സംബന്ധിച്ച അന്തിമ കണക്കുകൾ സാമ്പത്തിക വർഷാവസാനത്തിൽ മാത്രമേ ലഭിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly